**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്ലാൻ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ജില്ലകളിൽ നല്ല രീതിയിലുള്ള പ്രവർത്തനം നടന്നുവരുകയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാൻ (SMA (Special Mentioned Asset) Management, NPA Recovery) പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയതോടെ കേരളാ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>കേരള ബാങ്കിന്റെ രൂപീകരണത്തിന് ശേഷം നിഷ്ക്രിയ ആസ്തിയിൽ ചുവടെ പറയും പ്രകാരം കുറവ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>തീയതി  തുക കോടിയിൽ<br><br>29.11.2019 - 8833.95<br><br>31.03.2020 - 6126.55<br><br>31.03.2021 - 5738.60<br><br>31.03.2022 - 5466.53<br><br>നിഷ്ക്രിയ ആസ്തി കുറക്കുന്നതിനായി 31.03.2023 വരെ കാലയളവിൽ കേരളാ ബാങ്കിൽ നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 7 ശതമാനത്തിൽ താഴെ എത്തിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. |
| (ബി) | കടക്കെണിയിൽ നിന്നും ചെറുകിട കച്ചവടക്കാരെ രക്ഷിക്കാനായി കുടിശികയുള്ള വായ്പകളുടെ മുതലിൽ | (ബി) | കടക്കെണിയിൽ നിന്നും ചെറുകിട കച്ചവടക്കാരെ രക്ഷിയ്ക്കാനായി, നവകേരളീയം കുടിശ്ശിക നിവാരണ |

| | | | |
|---|---|---|---|
| | ഇളവ് നൽകാൻ കേരള ബാങ്ക് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | പദ്ധതി പ്രകാരവും, റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം പ്രകാരവും ഇളവുകളോട് കൂടി വായ്പ കുടിശ്ശിക തീർക്കുന്നതിന്/ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരമുണ്ട്.<br><br>എന്നാൽ യാതൊരു വിധ ആസ്തിയോ വരുമാനമോ ഇല്ലാത്ത ചെറുകിട കച്ചവടക്കാരുടെ കുടിശ്ശിക വായ്പകളിൽ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബാങ്കിന്റെ പൊതുയോഗം, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ അംഗീകാരത്തോട് കൂടി മുതലിൽ ഇളവ് അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകാറുണ്ട്. |
| (സി) | ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ചെറുകിട കച്ചവടക്കാർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്നതിനുമായി കേരള ബാങ്ക് കെ.ബി. സുവിധ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഉപജീവനത്തിനായി ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്കും, ബസ് ഉടമകൾക്കും ലഘു ജാമ്യ വ്യവസ്ഥയിൽ കേരള ബാങ്ക് അനുവദിക്കുന്ന വായ്പയാണ് കെ.ബി.സുവിധ പ്ലസ് വായ്പ. പരമാവധി 5.00 ലക്ഷം രൂപ (ബസ് ഉടമകൾക്കും ചെറുകിട കച്ചവടക്കാർക്കും 2 ലക്ഷം രൂപ വരെ) അനുവദിച്ചു വരുന്നുണ്ട്. കെ.ബി മൈക്രോഫിനാൻസ് വായ്പാ പദ്ധതി മുഖേന കുടുംബശ്രീ ഗ്രൂപ്പുകൾക്കും മറ്റ് അംഗീകൃത NGO ഗ്രൂപ്പുകൾക്കും പരമാവധി 20.00 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ